# 18. സുവർണക്ഷേത്രത്തിലെ കലാപം

ജൂൺ 5-ാം തീയതി രാത്രി പട്ടാളം അമൃത്സറിലെ സുവർണക്ഷേത്രത്തിന്റെ പരിസരത്തിൽ കടന്നു. 'ഹർ മന്ദിർ സാഹബ്'' എന്ന പേരിൽ അറിയപ്പെടുന്ന സുവർണക്ഷേത്രത്തിന്റെ 'ശ്രീകോവിലിൽ'നിന്നും, അതിന് എതിർവശത്തുള്ള സിക്കുകാരുടെ പരമോന്നത മതന്യായപീഠമായ 'അകാൽ തഖ്തി'ൽനിന്നും അവരുടെ നേരെ നിരന്തരം വെടിയുണ്ടകൾ ഉതിർന്നുകൊണ്ടിരുന്നു. ഇടത്തരം യന്ത്രത്തോക്കുകൾ, ലഘുയന്ത്രത്തോക്കുകൾ, സ്റ്റെൻഗണ്ണുകൾ, റൈഫിളുകൾ, ടാങ്ക്—വിരുദ്ധ—മിസൈലുകൾ, റോക്കറ്റുകൾ മുതലായ അത്യാധുനിക—ആയുധങ്ങൾ, ക്ഷേത്രത്തിനകത്തും അകാൽ തഖ്തിന്റെ നിലവറയിലും ഒളിച്ചിരുന്ന ഭീകര പ്രവർത്തകർ ഉപയോഗപ്പെടുത്തിയിരുന്നു. അവർക്കെതിരെ തിരിച്ചു വെടിവെക്കുക പ്രയാസമായിരുന്നു. കാരണം, വെടിയേറ്റ് സുവർണക്ഷേത്രം തകരുന്ന പക്ഷം അതിനു ദൂരവ്യാപകഫലങ്ങൾ ഉണ്ടാകുമെന്നു ന്യായമായും ഭയപ്പെട്ടിരുന്നു.

ഈ 'യുദ്ധം' ഒരു ദിവസത്തിലേറെ നീണ്ടുനിന്നു. അവസാനം രണ്ടു ഭാഗത്തും വെടി നിലച്ചപ്പോൾ അമ്പത്തെട്ടു ജവാന്മാരും ഒരു ഓഫീസറും മരിച്ചുവീണിരുന്നു. പത്തു ജവാന്മാരെ കാണാനില്ലായിരുന്നു. നൂറെറൺപതു ജവാന്മാർക്കും പത്ത് ഓഫീസർമാർക്കും മുറിവേററിരുന്നു. ഇരുനൂററമ്പതോളം ഭീകരപ്രവർത്തകരും ജീവൻ വെടിഞ്ഞിരുന്നു. അവരുടെ അദ്ധദിവ്യനായ തലവൻ, സന്ത് ജാർണെയിൽസിംഗ് ഭിന്ദ്രൻവാലേയും മരിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു.

സ്വാതന്ത്ര്യഭാരതത്തിന്റെ ചരിത്രത്തിൽ ഏററവും ഖേദകരമായ ഒരു അദ്ധ്യായം അങ്ങനെ അവസാനിച്ചു. പട്ടാളനടപടിയുടെ ഒന്നാംഘട്ടം പൂർത്തിയായി. അടുത്ത ഘട്ടങ്ങൾ ആരംഭിക്കാനിരിക്കുന്നു.

സുവർണക്ഷേത്രത്തിലെ കലാപത്തെപ്പററി പല വിവരങ്ങളും ഇതു് എഴുതുമ്പോഴും അറിവായിട്ടില്ല. യഥാർത്ഥത്തിൽ അവിടെ നടന്ന സംഭവങ്ങളെപ്പററിയും, ഈ കലാപത്തിലേക്കു നയിച്ച കാരണങ്ങളെപ്പററിയും, കലാപത്തിന്റെ അനന്തരഫലങ്ങളെപ്പററിയും, ഈ ദുരന്ത നാടകത്തിൽ പ്രധാന പങ്കുവഹിച്ച കഥാപാത്രങ്ങളെപ്പററിയും സവിസ്തരപഠനങ്ങൾ ഇനിയങ്ങോട്ടു നടക്കാനിരിക്കുന്നതേയുള്ളൂ.

സിക്ക്മതസ്ഥാപകനായിരുന്ന ഗുരുനാനാക്കിന്റെ (ക്രി. പി. 1469–1539) ഉദ്ദേശ്യം, ഇസ്ലാം ഊന്നുന്ന ഏക ദൈവവിശ്വാസം പ്രബലപ്പെടുത്തി നാടോടി ഹിന്ദുമതത്തെ പരിഷ്കരിക്കുകയെന്നതായിരുന്നു. താനൊരു പുതിയ മതം സ്ഥാപിക്കുകയാണെന്ന വിശ്വാസം നാനാക്കിന് ഉണ്ടായിരുന്നു. സിക്കുകാരുടെ അഞ്ചാം ഗുരു ആയിരുന്ന അർജുൻ (ക്രി. പി. 1581–1606) സമാഹരിച്ചതും സിക്കുമതത്തിന്റെ ആധാരഗ്രന്ഥമായി ആദരിക്കപ്പെടുന്നതുമായ 'ഗുരുഗ്രന്ഥസാഹിബി'ൽ ഹിന്ദുക്കളുടെയും മുസ്ലിങ്ങളുടെയും കൃതികൾ, നാനാക്കിന്റെയും മററു ഗുരുക്കന്മാരുടെയും കൃതികളോടൊപ്പം സമാഹരിക്കപ്പെട്ടിരുന്നു. പത്താമത്തെയും അവസാനത്തെയും ഗുരുവായിരുന്ന ഗോവിന്ദസിംഹൻ (ക്രി. പി. 1666–1708) ആണ്, ക്രി. പി. 1669-ൽ, സിക്കുകാരുടെ മതസംഘടന

യായ 'ഖാൽസ' സ്ഥാപിച്ചതും, കേശം (തലമുടി), കംഘാ (തലമുടിയിൽ ധരിക്കുന്ന ചീർപ്പ്), കഡാ (കൈയിലണിയുന്ന ഇരുമ്പുവള), കച്ഛാ (കുറിയ അടിക്കാലുറ), കൃപാൺ (കുറിയ വാൾ) എന്നീ പഞ്ചകകാരങ്ങൾ ധരിക്കുന്നത് സിക്കുകാർക്ക നിർബന്ധിതമാക്കിയതും. മുഗൾ ഭരണാധികാരികളുടെ കൈയേററങ്ങളിൽനിന്ന ഹിന്ദുമതത്തെ സംരക്ഷിക്കുകയായിരുന്ന ഗുരുഗോവിന്ദസിംഹൻെറ ജീവിതദൗത്യം. ഈ ദൗത്യം നിറവേററിക്കൊണ്ടിരിക്കെയാണ് ഗുരു വധിക്കപ്പെട്ടതു്. അതിനുശേഷം, മഹാറാണാ രഞ്ജിത്സിംഹൻെറ നേതൃത്വത്തിൽ പഞ്ചാബിൻെറ ഭരണാധികാരികളായിത്തീരുംവരെ (ക്രി. പി. 1799 വരെ) മുഗളരുടെ നിരന്തര മർദനത്തിനു് സിക്കുകാർ വിധേയരായി. ക്രി. പി. 1839-ൽ രഞ്ജിത് സിംഹൻ മരിക്കുവോളമേ അവരുടെ മേധാവിത്വം നിലനിന്നുള്ളൂ. ക്രി. പി. 1845–46–ലെയും 1848–49–ലെയും സിക്കുയുദ്ധങ്ങളെത്തുടന്ന പഞ്ചാബ് തികച്ചും ഇംഗ്ലീഷുകാരുടെ കീഴിലായിത്തീർന്നു.

രാഷ്ട്രീയരംഗത്തിൽ പരാജിതരായ സിക്കുകാർ മതരംഗത്തിൽ ഉയിത്തെഴുന്നേല്ക്കാൻ തുടങ്ങിയതു്, സിക്കുക്ഷേത്രങ്ങളുടെ (ഗുരുദ്വാരകളുടെ) ഭരണം നിർവഹിക്കുന്നതിനു് തെരഞ്ഞെടുക്കപ്പെട്ട 'ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മററി' നിയമപ്രകാരം സ്ഥാപിക്കപ്പെട്ടപ്പോഴാണ്. ബ്രിട്ടീഷ് ഭരണകാലത്തു നിലവിൽവന്ന ഗുരുദ്വാര പ്രബന്ധക് കമ്മിററിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ സിക്കുകാർക്ക മാത്രമേ അധികാരമുള്ളു. പല ഗുരുദ്വാരകൾക്കും വമ്പിച്ച സ്വത്തുള്ളതിനാൽ, അവയെ നിയന്ത്രിക്കുന്ന കമ്മററിക്ക് സിക്കുജനതയുടെമേൽ വ്യാപകമായ സ്വാധീനം ചെലുത്താൻ കഴിയുന്നു. മിസ്റ്റർ ജി. എസ്. തോഹ്റ എന്ന യാഥാസ്ഥിതികനാണ് ഇപ്പോൾ ഈ കമ്മററിയുടെ ചെയർമാൻ. സിക്കുകാരുടെ ഒരു വിഭാഗമായ അകാലികളാണ് വളരെക്കാലമായി കമ്മററിയെ നിയന്ത്രിച്ചുവരുന്നതു്. അകാലികളുടെ ചോദ്യം ചെയ്യപ്പെടാത്ത നേതാവത്രെ, മിതവാദി എന്നു കരുതപ്പെടുന്ന സന്ത്ഹർചന്ദ് സിംഗ് ലോംഗോവാൾ.

1947–ൽ പാകിസ്ഥാൻ ഇന്ത്യയിൽനിന്നു പിരിഞ്ഞുപോയപ്പോൾ ഏററവും അധികം നഷ്ടം അനുഭവിക്കേണ്ടിവന്നതു സിഖ്കാർക്കാണ്. ഇരുപത്തഞ്ചു ലക്ഷത്തോളം സിഖ്കാർ സർവസ്വവും നഷ്ടപ്പെട്ട പാകിസ്ഥാനിലുൾപ്പെട്ട പടിഞ്ഞാറൻ പഞ്ചാബിൽനിന്നു് ഇന്ത്യയിലേക്ക് ഓടിപ്പോന്നു. സിഖ്കാരുടെ പല പുണ്യസ്ഥലങ്ങളും പാകിസ്ഥാനിലായി.

ഇന്ത്യയിൽപ്പെട്ട കിഴക്കൻ പഞ്ചാബിൽ സിഖ്കാർക്ക ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. 1971–ലെ കണക്കനുസരിച്ചു്, ഒരുകോടി മൂന്നുലക്ഷത്തോളമാണ്, ഇന്ത്യയിലൊട്ടാകെ, സിഖുകാരുടെ സംഖ്യ. അമേരിക്ക, കാനഡ, ബ്രിട്ടൻ, മലേഷ്യ, കിഴക്കേ ആഫ്രിക്ക മുതലായ സ്ഥലങ്ങളിലും ഒട്ടേറെ സിഖുകാർ ഉണ്ട്. അദ്ധ്വാനശീലരും, പൊതുവെ സമ്പന്നരുമാകയാൽ എണ്ണത്തിൽ കവിഞ്ഞ സ്വാധീനം ചുററും പരത്താൻ സിഖുകാർക്കു് എവിടെയും കഴിയുന്നുണ്ട്.

ജലസിക്തമായ കിഴക്കൻ പഞ്ചാബിൽ കർഷകവൃത്തിയിലും ചെറുവ്യവസായങ്ങളിലുമേർപ്പെട്ട സിഖുകാർ വളരെവേഗം ധനികരായി. ഹരിതവിപ്ലവംകൊണ്ട് ഏററവുമധികം മെച്ചമുണ്ടായതു് അവർക്കായിരുന്നു. പക്ഷേ, ഒരു മതവിഭാഗമെന്നനിലയിൽ അധികാരപദവിയിൽ നിന്നു തങ്ങൾ അകററിനിർത്തപ്പെടുകയാണെന്നു സിഖ്കാർ കണ്ടു. ഗുരുദ്വാരപ്രബന്ധക് കമ്മററിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ എപ്പോഴും ജയി

ക്കാറുള്ള അകാലികൾക്ക പഞ്ചാബിലൊരു മന്ത്രിസഭ രൂപവൽക്കരിക്കാൻ കഴിഞ്ഞതു്, ഇന്ദിരാഗാന്ധി അധികാരഭ്രഷ്ടയായശേഷം ജനതയുടെ വാഴ്ച നിലവിൽവന്ന ചുരുങ്ങിയ ഇടവേളയിൽ മാത്രമായിരുന്നു.

ഹിന്ദു ഭൂരിപക്ഷജില്ലകൾ പുറംതള്ളി, സിഖ്ഭൂരിപക്ഷ പ്രദേശങ്ങൾ മാത്രമടങ്ങിയ ഒരു പഞ്ചാബ് സംസ്ഥാനം (പഞ്ചാബീസൂബ) രൂപവത്ക്കരിക്കണമെന്ന പ്രക്ഷോഭം സിഖ്കാർക്കിടയിൽ വളർന്നുവന്നതിന്റെ പശ്ചാത്തലം ഇതാണ്. പഞ്ചാബിലെ ഹിന്ദുക്കൾ, പ്രത്യേകിച്ച്, ആര്യസമാജക്കാർ, സംസാരിക്കുന്നതു പഞ്ചാബിഭാഷയാണെങ്കിലും തങ്ങളുടെ മാതൃഭാഷയായി എണ്ണുന്നതു ഹിന്ദിയെയാണ്. പഞ്ചാബിഭാഷയ്ക്കും അതെഴുതുന്ന ഗുരുമുഖിലിപിക്കും സംരക്ഷണമാവശ്യപ്പെട്ടാണ് ആദ്യമാദ്യം 'പഞ്ചാബീസൂബാ' വാദക്കാർ പ്രക്ഷോഭണം നടത്തിയതു്. പ്രക്ഷോഭണം ശക്തിയാർജിച്ചപ്പോൾ പഞ്ചാബ് വിഭജിക്കപ്പെട്ടു. ഹിന്ദുഭൂരിപക്ഷപ്രദേശം 'ഹരിയാന' എന്ന പേരിൽ മറെറാരു സംസ്ഥാനമായി. പഴയ സംയുക്ത പഞ്ചാബിന്റെ തലസ്ഥാനമായ ചണ്ഡീഗഢ് അപ്പോഴും പഞ്ചാബിന്റെയും ഹരിയാനയുടെയും സംയുക്ത തലസ്ഥാനമായി നിലനിർത്തപ്പെട്ടു. പിന്നീടു സിഖ്കാരുടെ പ്രക്ഷോഭണം, ചണ്ഡീഗഢ് പഞ്ചാബിനുമാത്രമായി വിട്ടുകിട്ടണമെന്ന ആവശ്യത്തെ മുൻനിർത്തിയായി. ഈ ആവശ്യത്തോടു വേറെയും പല ആവശ്യങ്ങളും അതാതു കാലത്തു കൂട്ടിച്ചേർക്കപ്പെട്ടു. പഞ്ചാബിലൂടെ ഒഴുകുന്ന നദികളിലെ വെള്ളം അയൽസംസ്ഥാനങ്ങളായ ഹരിയാനയ്ക്കും രാജസ്ഥാനും കൊടുക്കരുതു്, 'ഗുരുവാണി' (സിഖ്മതസാഹിത്യം) പ്രക്ഷേപണംചെയ്യാൻ ഒരു സ്വതന്ത്രറേഡിയോസ്റ്റേഷൻ സുവർണക്ഷേത്രത്തിൽ സ്ഥാപിക്കാൻ അനുവാദം വേണം എന്നിവയായിരുന്നു ആദ്യമാദ്യം കേട്ടിരുന്ന രണ്ടാവശ്യങ്ങൾ. മുസ്ലീങ്ങൾക്കെന്നപോലെ സിഖ്കാർക്കും പ്രത്യേകമായി വ്യക്തിനിയമങ്ങൾ വേണം. ഈ ആവശ്യത്തിനായി ഭരണഘടന മാററണം എന്നീ ആവശ്യങ്ങളും ഉന്നയിക്കപ്പെട്ടു. പഞ്ചാബിനു പൂർണസ്വാതന്ത്ര്യം ആവശ്യപ്പെടുന്ന 'ആനന്ദ്പൂർ' പ്രമേയത്തിന്റെ കാര്യവും പ്രക്ഷോഭകർ ഇടയ്ക്കിടെ ആവർത്തിച്ചു പറയാറുണ്ടു്.

സിഖ്യുവാക്കൾക്കിടയിൽ മതപരമായ നവോത്ഥാനത്തിന്റെ തീക്ഷ്ണതയാർന്ന സന്ദേശവുമായി കടന്നുവന്ന സന്ത് ജാർണെയിൽസിംഗ് ഭിന്ദ്രൻവാലേ ഈ പ്രക്ഷോഭണത്തിന്റെ അവസാനഘട്ടത്തിൽ നിർണായകപങ്കുവഹിച്ചു. ആയിരക്കണക്കിനു സിഖ്യുവജനങ്ങളടങ്ങിയ ഒരു സായുധ ഭീകരസേന സംഘടിപ്പിക്കാനും, ഇവരെ ഉപയോഗപ്പെടുത്തി രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഒട്ടേറെ കൊലപാതകങ്ങൾ നടത്താനും, ഇന്ത്യാഗവണ്മെൻറിനെ പരസ്യമായി വെല്ലുവിളിച്ചുകൊണ്ടു് അമൃത്സറിലെ സുവർണക്ഷേത്രവും മററു പല സ്ഥലങ്ങളിലെ ഗുരുദ്വാരകളും പ്രതിരോധദുർഗങ്ങളാക്കി മാററാനും അവയിൽ ആധുനിക യുദ്ധോപകരണങ്ങൾ സംഭരിക്കാനും ഭിന്ദ്രൻവാലേയ്ക്കു കഴിഞ്ഞു. പാകിസ്ഥാനുമായി റേഡിയോവഴി ബന്ധങ്ങൾ നിലനിർത്തിപ്പോന്ന ഭിന്ദ്രൻവാലേ തന്റെ അനുയായികൾക്ക പാകിസ്ഥാനിൽ പട്ടാളപരിശീലനം നേടുകയും വ്യാപകമായ വിധത്തിൽ വിദേശധനസഹായം ആർജിക്കുകയും, അതിർത്തിയിൽ സുസംഘടിതമായ ഒരു കള്ളക്കടത്തുശൃംഖല ഏർപ്പെടുത്തുകയും, തന്നെ എതിർക്കുന്നവർക്ക നിഷ്കരുണം വധശിക്ഷ വിധിക്കുകയും, ഒരു ദാക്ഷിണ്യവുമെന്യേ, സ്ത്രീപുരുഷഭേദമില്ലാതെ, ഈ ശിക്ഷ നടപ്പിലാക്കുകയും ചെയ്തു. ക്രൂരനും മതഭ്രാന്തനുമായ ഈ അർദ്ധനിരക്ഷരന്റെ അപദാനങ്ങൾ പഞ്ചാബിലെ ഗ്രാമീണഗാനങ്ങളിലെന്ന

പോലെ, ഇന്ത്യയിലെങ്ങുമുള്ള മഞ്ഞപ്പത്രങ്ങളുടെ പംക്തികളിലും ഏറെക്കാലം വാഴ്ത്തപ്പെടാൻ സാദ്ധ്യതയുണ്ട്.

സുവർണക്ഷേത്രത്തിലെ കലാപം സൈനികമായി അമർച്ചചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ അനന്തരഫലങ്ങൾ കാത്തിരുന്നു കാണുകയേ തരമുള്ളൂ.

(ജൂൺ 7, 1984)

# 19. ആശ്വാസം നൽകുന്ന സ്പർശം

പഞ്ചാബിൽ അമൃതസരസ്സിലെ സുവർണക്ഷേത്രത്തിൽ പട്ടാളം പ്രവേശിച്ചതു് ജൂൺ 5-ാം തീയതിയാണ്. ഒന്നര ദിവസത്തോളം നീണ്ടുനിന്ന പട്ടാളനടപടികളെപ്പറ്റി ജൂൺ 7-ാം തീയതി ഞാനെഴുതിയ 'സുവർണ്ണക്ഷേത്രത്തിലെ കലാപം' എന്ന ലേഖനം ജൂൺ 24-ലെ 'കേരളശബ്ദ'ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

ജൂൺ 21-ാം തീയതി ഇതെഴുതുമ്പോഴും ഭീകരപ്രവർത്തകരെ പൂർണ്ണമായും സുവർണക്ഷേത്രത്തിൽനിന്ന് പുറത്താക്കുവാൻ കഴിഞ്ഞിട്ടില്ല; അതിനാൽ പട്ടാളം സുവർണക്ഷേത്രത്തിൽനിന്ന് ഒഴിഞ്ഞുപോന്നിട്ടുമില്ല.

പട്ടാളനടപടിക്കു മുമ്പും പിമ്പും നടന്ന കാര്യങ്ങളെപ്പറ്റി ഒട്ടുവളരെ ഇതിനകം എഴുതപ്പെട്ടിട്ടുണ്ട്. സുവർണക്ഷേത്രത്തെ ശക്തിയേറിയ ഒരു പ്രതിരോധദുർഗവും സമ്പന്നമായ ഒരു ആയുധക്കലവറയുമായി മാറ്റിയതു് മേജർ ജനറൽ ഷൂബേഗ്സിംഹ് എന്ന ഒരാളായിരുന്നു. ബംഗ്ലാദേശ് ഗറില്ലാസേനയ്ക്കു പരിശീലനം നൽകുവാൻ ചുമതലപ്പെട്ടിരുന്നവരിൽ ഒരാളത്രെ ഷൂബേഗ്സിംഹ്. 1979-ൽ മദ്ധ്യപ്രദേശിൽ ജനറൽ ഓഫീസർ കമാൻറിങ്ങ് ആയിരിക്കെ, ധനാപഹരണത്തിന്റെ പേരിൽ ഇയാളെ സൈന്യത്തിൽനിന്നു പിരിച്ചുവിട്ടു. ഭിന്ദ്രൻവാലേയുടെ സേനാധിപനെന്ന നിലയിൽ ഇയാൾ ഇന്ത്യാഗവണ്മെൻറിനോടു ഫലപ്രദമായിത്തന്നെ പകരംവീട്ടുകയും ചെയ്തു. ഇയാളുടെ സഹായത്തിനു വേറെയും രണ്ടു മേജർ ജനറൽമാരും രണ്ടു ബ്രിഗേഡിയർമാരും ഉണ്ടായിരുന്നുവത്രെ. ഇന്ത്യൻസേനയുടെ ആയുധപ്പുരയിൽനിന്നുതന്നെ തങ്ങൾക്കാവശ്യമുള്ളത്ര ആയുധങ്ങളും വെടിക്കോപ്പുകളും സംഭരിക്കാൻ ഈ ഉയർന്ന പട്ടാള ഉദ്യോഗസ്ഥന്മാർക്കു പ്രയാസമുണ്ടായിട്ടില്ലെന്നു പറയപ്പെടുന്നു. സുവർണക്ഷേത്രത്തിൽനിന്ന് ഒട്ടധികം ചൈനീസ്–അമേരിക്കൻ ആയുധങ്ങൾ സൈന്യം പിടിച്ചെടുക്കുകയുണ്ടായി. ഇവ പാകിസ്ഥാനിൽനിന്നു കിട്ടിയതാണെന്നു വ്യക്തം. വിദേശങ്ങളുമായി സമ്പർക്കം പുലർത്തുന്നതിനു ഭീകരന്മാർ ഉപയോഗിച്ചിരുന്ന ഒരു പ്രക്ഷേപണയന്ത്രവും അവിടെ കാണുകയുണ്ടായി. അതേസമയം, പൂണേയിൽനിന്നും കാൺപൂരിൽനിന്നും പീഞ്ഞപ്പെട്ടികളിലടച്ചു ട്രക്കുകളിൽ കയറ്റിയ എത്രയോ ആയുധങ്ങൾ, മധുരനാരങ്ങയോ സിമൻേറാ മറ്റോ ആണെന്നപേരിൽ, മാസങ്ങളോളമായി സുവർണക്ഷേത്രത്തിൽ എത്തിയിരുന്നു എന്ന് ഇപ്പോൾ വെളിവായിട്ടുണ്ട്. വേണ്ടത്ര കോഴ കിട്ടിയ പോലീസുകാർ, ഈ പീഞ്ഞപ്പെട്ടികളിൽ എന്താണുള്ളതെന്ന് അന്വേഷിക്കുകയുണ്ടായില്ല. ഇന്ത്യൻസേനയ്ക്കുപോലും അസൂയ ജനിപ്പിക്കുന്ന, അത്യാധുനികരീതിയിലുള്ള, ഒരു പ്ലാസ്റ്റിക്ബോംബ്ഫാക്ടറിയും